കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ദേശീയ മദ്യ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട്

42 [499] ശ്രീ. എ. കെ ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ദേശീയ മദ്യ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നയത്തിന്റെ കരട് രേഖ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നയത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഇപ്പോൾ അംഗീകരിച്ചിട്ടുള്ള കരട് മാതൃക നിയമം നടപ്പായാൽ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ബന്ധപ്പെട്ട വകുപ്പുകളുടെയും സംസ്ഥാനങ്ങളിലെ കമ്മീഷണർമാരെയും ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) കേന്ദ്ര സർക്കാർ ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് മന്ത്രാലയത്തിന്റെ കീഴിൽ ഒരു മോഡൽ എക്സൈസ് പോളിസി/ നിയമങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ആയതിന്റെ കൂടുതൽ വിവരങ്ങൾ ടി നയത്തിന്റെ കരട് രൂപം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചാൽ മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ.

യു. ഡി. എഫ്. സർക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ

43 [500] ശ്രീ. എ. കെ ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ 2001 മെയ് മാസത്തിൽ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ധനകാര്യ സ്ഥാപനത്തിൽ നിന്നും എത്ര കോടി രൂപ വായ്പയായി എടുത്തിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും വായ്പയായും ഓവർ ഡ്രാഫ്റ്റായും എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly